# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 7706** | **15.07.2014 -ലെ മറുപടിക്ക്**

## കൊയിലാണ്ടിയിൽ പ്രതികളെ കൈയാമം വെച്ച് പൊതുജനമദ്ധ്യത്തിൽ നടത്തിച്ച സംഭവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. ദാസൻ** | | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** | |
| (എ) | കൊയിലാണ്ടിയിൽ ചില കേസുകളിലെ പ്രതികളായിട്ടുള്ളവരെ കൈയാമം വെച്ച് പൊതുജന മദ്ധ്യത്തിൽ നടത്തിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പോലീസ് പ്രസ്തുത രീതിയിൽ പ്രതികളെ നടത്തിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | പ്രതികൾ അറസ്റ്റിന് വഴങ്ങാതിരിക്കുകയോ, ഓടി രക്ഷപ്പെടുവാൻ ശ്രമിക്കുന്ന വഴിയിൽ പിടികൂടുകയോ, തെളിവെടുപ്പിന് കൊണ്ടുപോകുന്ന പ്രതി കലഹ സ്വഭാവിയായും അക്രമാസക്തനായും കാണുന്ന സമയത്തോ ആണ് പ്രതികളെ കൈവിലങ്ങ് അണിയിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നത്. |
| (സി) | ഏതെല്ലാം പ്രതികളെയാണ് പോലീസ് ഇങ്ങനെ കൈയാമം വെച്ച് പൊതുജനമദ്ധ്യത്തിൽ നടത്തിച്ചത്; ഇങ്ങനെ നടത്തിച്ച പ്രതികൾ ഗുരുതരമായ കുറ്റങ്ങൾക്ക് മുമ്പ് ശിക്ഷിക്കപ്പെട്ടവർ ആയിരുന്നുവോ; | (സി) | 1. അജയ് ചന്ദ്രൻ, S/o. ചന്ദ്രൻ, 2. വിപിൻ, S/o. ബാലൻ, 3. റിനീഷ്, S/o. രാമകൃഷ്ണൻ . ടിയാന്മാർ മുമ്പ് ഗുരുതര കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ടിട്ടില്ല. |
| (ഡി) | കൊയിലാണ്ടി സി.ഐ.യുടെ നേതൃത്വത്തിൽ നിരന്തരമായി ഇത്തരം മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ സമഗ്രമായ ഒരന്വേഷണം നടത്താൻ നടപടികൾ സ്വീകരിക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ജനപ്രതിനിധികൾക്കെതിരെ സ്ഥലം സി.ഐ. എന്തെങ്കിലും പത്രപ്രസ്താവന നടത്തിയിട്ടുണ്ടോ; ഇതിനെതിരെ ഏതെങ്കിലും ജനപ്രതിനിധി പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (ഇ) | ജനപ്രതിനിധികൾക്കെതിരെ സ്ഥലം സി.ഐ. പത്രപ്രസ്താവന നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ